# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.11.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. അഴിമതിയെ വേരോടെ ഉന്മൂലനം ചെയ്യാൻ കേന്ദ്ര സർക്കാരിന്റെ "Zero Tolerance" നയം സഹായകമാകുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   President Draupadi Murmu said that the Central Government's "Zero Tolerance" policy will help in rooting out corruption.

2. മഹാരാഷ്ട്രയിലും, ഝാർഖണ്ഡിലും നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ. കേരളത്തിലെ മൂന്ന് മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതം.

   In Maharashtra and Jharkhand, political parties intensified their assembly election campaign. The by-election campaign for three constituencies in Kerala is underway.

3. വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതർക്ക് കേടായ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യെന്ന പരാതിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടു.

   Chief Minister Pinarayi Vijayan ordered a vigilance inquiry into the complaint of distribution of spoiled food items to the Wayanad landslide victims.

4. രാജ്യത്തെ മത്സ്യത്തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്താൻ പുതിയ നയം രൂപീകരിക്കേണ്ടത് അത്യാവശ്യമാണെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.

Union Minister of State George Kurien said that it is necessary to formulate a new policy to improve the living conditions of fishermen in the country.

5. സ്ഥാനമൊഴിയുന്ന ചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡിന് സുപ്രീം കോടതിയിൽ യാത്രയയപ്പ്.

Farewell was given to the outgoing Chief Justice DY Chandrachud in the Supreme Court.

6. ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വൻറി -20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിന് ഇന്ന് ഡർബനിൽ തുടക്കം.

The first match of the India-South Africa Twenty20 cricket series has started today in Durban.

**************

## PREZ-VIGILANCE WEEK (INTRO)

അഴിമതിയെ വേരോടെ ഉന്മൂലനം ചെയ്യാൻ കേന്ദ്ര സർക്കാരിൻ്റെ "Zero Tolerance" നയം സഹായകമാകുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ധാർമ്മികതയും അച്ചടക്കവുമാണ് ഇന്ത്യൻ സമൂഹത്തിൻറെ ആദർശമെന്നും രാഷ്ട്രപതി വ്യക്തമാക്കി. കേന്ദ്ര വിജിലൻസ് കമ്മീഷൻ ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന വിജിലൻസ് അവബോധ വാരാചരണ ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. സർദാർ വല്ലഭായ് പട്ടേലിൻറെ ജന്മവാർഷികത്തോടനുബന്ധിച്ചാണ് എല്ലാ വർഷവും ഒക്ടോബർ 28 മുതൽ നവംബർ 3 വരെ വിജിലൻസ് അവബോധ വാരാചരണം സംഘടിപ്പിക്കുന്നത്.
(വോയിസ്)

**************

## REV JAISHANKAR-SINGAPORE

ആഗോള സമ്പദ്‌വ്യവസ്ഥയ്ക്ക് മികച്ച സംഭാവനകൾ നൽകുന്നതിന് ഇന്ത്യ- ആസിയാൻ ബന്ധം കൂടുതൽ ശക്തിപ്പെടുത്തണമെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. ആസിയാൻ-ഇന്ത്യ വിദഗ്ധ ശൃംഖലയുടെ 8-ാമത് സമ്മേളനത്തെ സിംഗപ്പൂരിൽ അഭിസംബോധന ചെയ്യുകയായിരുന്നു വിദേശകാര്യമന്ത്രി. മേഖലയിലെ പ്രാദേശിക- രാഷ്ട്രീയ പ്രശ്നങ്ങൾ കൂട്ടായി പരിഹരിക്കപ്പെടണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

**************

## AMU MINORITY STATUS

അലിഗഡ് മുസ്ലിം സർവകലാശാലയ്ക്ക് ന്യൂനപക്ഷ പദവി റദ്ദാക്കിയ 1967- ലെ വിധിന്യായം സുപ്രീം കോടതി റദ്ദാക്കി. കേന്ദ്ര സർവകലാശാല ആയിരിക്കെ ന്യൂനപക്ഷ സ്ഥാപനമായി കണക്കാക്കാൻ ആകില്ലെന്ന ഉത്തരവാണ് ഏഴംഗ ഭരണഘടനാ ബെഞ്ച് തിരുത്തിയത്. ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ചാണ് വിഷയം പരിഗണിച്ചത്.

**************

## Yoga Mitra

രാജ്യത്തുടനീളമുള്ള എല്ലാ സ്കൂളുകളിലും 'യോഗ മിത്ര' പരിശീലകരെ നിയമിക്കുന്നതിന് എല്ലാ സംസ്ഥാനങ്ങൾക്കും നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പൊതുതാൽപര്യ ഹർജി പരിശോധിക്കാൻ സുപ്രീം കോടതി വിസമ്മതിച്ചു. എല്ലാ സ്കൂളുകളിലും യോഗ മിത്ര പരിശീലകരെ നിയമിക്കണമെന്ന് സർക്കാരിനോട് നിർദേശിക്കാനാകില്ലെന്നും ഇത്തരം നയപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത് സർക്കാരാണെന്നും കോടതി നിരീക്ഷിച്ചു. ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ ജെ ബി പർദിവാല, മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ചിന്റേതാണ് പരാമർശം.

**************

## EAM-FAKE MEMO

പാശ്ചാത്യ രാജ്യങ്ങളിൽ ഭീകരരെ അണിനിരത്താനും പരിശീലിപ്പിക്കാനും ഇന്ത്യൻ എംബസികളെ

ഉപയോഗിക്കുന്നുവെന്ന തരത്തിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന രേഖ വ്യാജമാണെന്ന് വിദേശകാര്യ മന്ത്രാലയം. തീവ്രവാദ പ്രവർത്തനങ്ങളെ നേരിടാൻ ഇന്ത്യൻ സർക്കാർ കോൺസുലേറ്റുകളെ ഉപയോഗിക്കുന്നതായുള്ള ആരോപണമാണ് വ്യാപകമായി പ്രചരിക്കുന്നത്.

**************

## MAHARASHTRA CAMPAIGN

മഹാരാഷ്ട്രയിലും, ഝാർഖണ്ഡിലും നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ. മുതിർന്ന ബിജെപി നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ധുലെയിലും നാസിക്കിലും തെരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യും. NCP(SP) നേതാവ് ശരദ് പവാർ, പർഭാനി, വർധ എന്നിവിടങ്ങളിൽ തെരഞ്ഞെടുപ്പ് പരിപാടികളിൽ പങ്കെടുത്തു. മഹാരാഷ്ട്രയിലെ 288 മണ്ഡലങ്ങളിൽ ഈ മാസം 20- നാണ് വോട്ടെടുപ്പ്.

**************

## JHARKHAND

ഝാർഖണ്ഡിൽ മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഇന്ന് ലോഹർദഗാ, സിംദഗാ എന്നിവിടങ്ങളിൽ ഐ.എൻ.ഡി.ഐ.എ സഖ്യത്തിൻറെ തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും. എൻഡിഎ സ്ഥാനാർത്ഥികൾക്ക് വോട്ട് അഭ്യർത്ഥിച്ച് കേന്ദ്രമന്ത്രിമാരും, മുതിർന്ന ബിജെപി നേതാക്കളുമായ ശിവരാജ് സിങ് ചൗഹാനും, ഗിരിരാജ് സിങ്ങും, പ്രചാരണ രംഗത്ത് സജീവമാണ്.

**************

## By-Election - State

കേരളത്തിലെ മൂന്ന് മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമായി പുരോഗമിക്കുന്നു. വയനാട് ലോക്സഭാ മണ്ഡലത്തിൽ യു.ഡി.എഫ് സ്ഥാനാർഥി പ്രിയങ്ക ഗാന്ധിയുടെ പ്രചരണ പരിപാടികളിൽ, ഒളിമ്പ്യൻ വിനേഷ് ഫോഗട്ട് ഇന്ന്

പങ്കെടുത്തു. LDF സ്ഥാനാർഥി സത്യൻ മൊകേരി ഇന്ന് കല്പറ്റ മണ്ഡലത്തിൽ പ്രചാരണം നടത്തി. NDA സ്ഥാനാർഥി നവ്യ ഹരിദാസിൻറെ പ്രചാരണത്തിനായി കേന്ദ്ര സഹമന്ത്രിയും ബിജെപി നേതാവുമായ സുരേഷ് ഗോപി നാളെ മണ്ഡലത്തിലെത്തും. നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട്, ചേലക്കര മണ്ഡലങ്ങളിലും പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുകയാണ്.

**************

## Vigilance Inquiry-C M

ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതർക്ക് മേപ്പാടി ഗ്രാമപഞ്ചായത്ത് പുഴുവരിച്ച അരിയും ഭക്ഷ്യവസ്തുക്കളും വിതരണം ചെയ്ത ആരോപണത്തിൽ വിജിലൻസ് അന്വേഷണത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉത്തരവിട്ടു. ഇത് സംബന്ധിച്ച വാർത്തകളുടെ പശ്ചാത്തലത്തിലാണ് അന്വേഷണം. സംഭവത്തിൽ പ്രാഥമിക അന്വേഷണം നടത്തി
അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കാൻ മുഖ്യമന്ത്രി നിർദേശിച്ചു.

**************

## GEORGE KURIAN

സ്വകാര്യ മേഖലയിൽ മത്സ്യബന്ധന തുറമുഖങ്ങൾ അനുവദിക്കുമെന്ന കേന്ദ്ര സർക്കാർ തീരുമാനം മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കാൻ സഹായിക്കുമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. രാജ്യത്തെ മത്സ്യത്തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്താൻ പുതിയ നയം രൂപീകരിക്കേണ്ടത് അത്യാവശ്യമാണെന്ന് അദ്ദേഹം വ്യക്തമാക്കി. ഫിഷറീസ്, അക്വാ കൾച്ചർ, മേഖലകളിൽ ഡ്രോൺ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച പ്രദർശനവും ശില്പശാലയും കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

**************

## CJI FAREWELL(INTRO)

സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സ്ഥാനമൊഴിയുന്ന ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡിന് സുപ്രീം കോടതിയിൽ വികാരനിർഭരമായ യാത്രയയപ്പ്. പരമോന്നത കോടതിയിൽ ജസ്റ്റിസായി എട്ട് വർഷത്തോളം സേവനമനുഷ്ഠിച്ച ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് ചരിത്രപരമായ ഒട്ടനവധി വിധിന്യായങ്ങൾ പുറപ്പെടുവിച്ചുകൊണ്ടാണ് പദവി ഒഴിയുന്നത്. ഒരു ന്യായാധിപൻ എന്ന നിലയിലുള്ള തന്റെ ജീവിതത്തിലെ ഓരോ ദിവസവും പുതിയ അറിവുകൾ സമ്മാനിച്ചതാണെന്ന് ഡി വൈ ചന്ദ്രചൂഡ് യാത്രയയപ്പ് ചടങ്ങിൽ പറഞ്ഞു. ഈ മാസം 10 നാണ് അദ്ദേഹം വിരമിക്കുന്നത്.

(വോയിസ്)

സുപ്രീം കോടതിയുടെ 51-ാമത് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സഞ്ജീവ് ഖന്ന ഈ മാസം 11ന് അധികാരമേൽക്കും.

**************

## CPPS_PILOTRUN

എംപ്ലോയീസ് പെൻഷൻ സ്കീമിന് കീഴിലുള്ള പുതിയ കേന്ദ്രീകൃത പെൻഷൻ പേയ്മെൻ്റ് സംവിധാനത്തിൻ്റെ പരീക്ഷണ അടിസ്ഥാനത്തിലുള്ള പ്രവർത്തനം പൂർത്തിയായതായി കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ അറിയിച്ചു. ജമ്മു, ശ്രീനഗർ, കർണാൽ മേഖലകളിലെ 49,000 ഇപിഎസ് പെൻഷൻകാർക്ക്, 2024 ഒക്ടോബറിൽ പതിനൊന്ന് കോടിയിലധികം രൂപയുടെ പെൻഷൻ വിതരണം ചെയ്തതായി അദ്ദേഹം പറഞ്ഞു. ഇപിഎഫ്ഒയുടെ ഐടി നവീകരണ പദ്ധതിയുടെ ഭാഗമായ പുതിയ പെൻഷൻ സമ്പ്രദായം അടുത്ത വർഷം ജനുവരിയോടെ പൂർണ്ണമായി നടപ്പിലാക്കുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

**************

## T20 CRICKET- IND VS SA

ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വൻറി -20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന് ഡർബനിൽ നടക്കും. ഇന്ത്യൻ സമയം രാത്രി 08.30-

നാണ് മത്സരം. ഇന്ത്യൻ സംഘത്തെ സൂര്യകുമാർ യാദവും ദക്ഷിണാഫ്രിക്കൻ ടീമിനെ എയ്ഡൻ മാർക്രമും നയിക്കും. നാല് മത്സരങ്ങളുള്ള പരമ്പരയിലെ രണ്ടാം മത്സരം ഞായറാഴ്ചയാണ്.

**************

## SCHOOL -SPORTS MEET

സംസ്ഥാന സ്കൂൾ കായിക മേളയിൽ ഗെയിംസ്, അക്വാട്ടിക്സ് വിഭാഗങ്ങളിൽ മേധാവിത്വം തുടർന്ന് തിരുവനന്തപുരം ജില്ല. ഗെയിംസിൽ 467 ഇനങ്ങൾ പൂർത്തിയായപ്പോൾ 1097 പോയിൻറുകളാണ് തിരുവനന്തപുരം നേടിയത്. തൃശ്ശൂർ രണ്ടാം സ്ഥാനത്തും കണ്ണൂർ മൂന്നാം സ്ഥാനത്തുമാണ്. അത്ലറ്റിക്സിൽ 23 ഇനങ്ങൾ പൂർത്തിയായപ്പോൾ മലപ്പുറം ഒന്നാമതും, പാലക്കാട് രണ്ടാം സ്ഥാനത്തുമാണ്. അക്വാട്ടിക്സിലെ എല്ലാ മത്സരങ്ങളും പൂർത്തിയായപ്പോൾ തിരുവനന്തപുരം ജില്ല 654 പോയിൻറുകളോടെ ഒന്നാമതെത്തി. എറണാകുളം ജില്ല രണ്ടാം സ്ഥാനത്തും കോട്ടയം മൂന്നാമതുമായി ഫിനിഷ് ചെയ്തു.

**************

## BADMINTON-KOREA MASTERS

ദക്ഷിണ കൊറിയയിൽ നടക്കുന്ന കൊറിയ മാസ്റ്റേഴ്സ് ബാഡ്മിൻറൺ ടൂർണമെൻറിന്റെ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ കിരൺ ജോർജ്ജ് സെമി ഫൈനലിൽ പ്രവേശിച്ചു. ക്വാർട്ടർ ഫൈനലിൽ ജപ്പാൻ താരത്തെ പരാജയപ്പെടുത്തിയാണ് കിരണിൻറെ സെമി പ്രവേശനം. നാളെ നടക്കുന്ന സെമി ഫൈനൽ മത്സരത്തിൽ കിരൺ, തായ് വിൻ താരത്തോട് പോരാടും.

**************

## DUBAI DESIGN WEEK 2024

ദുബായ് ഡിസൈൻ വീക്കിന്റെ പത്താം പതിപ്പ് ദുബായ് ഡിസൈൻ ഡിസ്ട്രിക്റ്റിൽ പുരോഗമിക്കുന്നു. സുസ്ഥിര രൂപകൽപ്പന, ആഗോള സഹകരണം എന്നിവ ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന പരിപാടിയിൽ 40-ലധികം രാജ്യങ്ങളിൽ നിന്നുള്ള വിവിധ ബ്രാൻഡുകളും, ഡിസൈനർമാരും പങ്കെടുക്കുന്നുണ്ട്.

***************

*******

**